പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 331 4.2.2013 ൽ മറുപടിക്ക്

## ഐ.പി.എസിന് സംസ്ഥാനത്തുനിന്ന് പരിഗണിക്കേണ്ടവരുടെ അന്തിമ പട്ടിക

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | മറുപടി<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) ഐ.പി.എസിന് സംസ്ഥാനത്തു നിന്ന് പരിഗണിക്കേണ്ടവരുടെ അന്തിമ പട്ടികയിൽ, ക്രിമിനൽ കേസുകളിൽ പ്രതിയായ പോലീസ് ഉദ്യോഗസ്ഥരും ഉൾപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ ഉണ്ടാകാനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ; | എ) ഐ.പി.എസ് സെലക്ഷൻ 2010,2011 വർഷങ്ങളിലേക്ക് സംസ്ഥാനത്ത് നിന്ന് സോൺ ഓഫ് കൺസിഡറേഷനിൽ വരുന്ന ഓഫീസർമാരുടെ ലിസ്റ്റ് തയ്യാറാക്കിയത് ഐ.പി.എസ് (അപ്പോയ്മെന്റ് ബൈ പ്രൊമോഷൻ) റഗുലേഷൻ 1955 ലെ സെക്ഷൻ (5) നിബന്ധന പ്രകാരമാണ്. പ്രസ്തുത റഗുലേഷൻ പ്രകാരം യോഗ്യതയുള്ള എല്ലാ ഓഫീസർമാരെയും ഐ.പി.എസ് സെലക്ഷൻ സോൺ ഓഫ് കൺസിഡറേഷനിൽ ഉൾപ്പെടുത്തേണ്ടിവരുന്നു. അതുകൊണ്ടാണ് ക്രിമിനൽ കേസിലും വകുപ്പുതലനടപടികളും നേരിടുന്ന ഓഫീസർമാരെയും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടി വരുന്നത്. ക്രിമിനൽ കേസിൽ ഉൾപ്പെട്ട രണ്ടു ഓഫീസർമാർക്ക് ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് ആഭ്യന്തര വകുപ്പ് നൽകിയിട്ടില്ല. |
| ബി) രാഷ്ട്രപതിയുടെ മെഡൽ നേടിയവർ അടക്കം ആദ്യപട്ടികയിലുണ്ടായിരുന്ന പലരും അന്തിമ പട്ടികയിൽ നിന്ന് പുറത്താകാനുള്ള കാരണമെന്താണ്; വിശദമാക്കുമോ; | ബി) 2010, 2011 വർഷങ്ങളിൽ സംസ്ഥാനത്തു നിന്നും ഐ.പി.എസ്സ് കേഡറിലേക്ക് പരിഗണിക്കേണ്ട വരുടെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കേന്ദ്ര സർക്കാർ പൂർത്തിയാക്കി വരുന്നതേയുള്ളൂ. ആയതിനാൽ അന്തിമപട്ടികയിൽ ഉൾപ്പെട്ടവരെ സംബന്ധിച്ചുള്ള വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ